LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ അവിടെ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ അവരെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖലയിലെ ഓരോ ചുവടും ഒരു സുതാര്യതാ പോർട്ടൽ സ്ഥാപിച്ച് വീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ പൊതുവിതരണ ശൃംഖല സുതാര്യവൽക്കരിക്കപ്പെടുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് 31-5-14-ലെ സ.ഉ.(കൈ)നമ്പർ18/14/ഭ.പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള SpeMT, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

(ഇ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ്-I നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ഇതിനായുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചുനൽകിയിട്ടുണ്ട്.

സപ്ലൈകോ മാവേലിസ്റ്റോറുകൾ-ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ

233(3158) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സപ്ലൈകോ മാവേലിസ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിനായി ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയതിന് കൂട്ടുനിന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

സപ്ലൈകോ മാവേലി സ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ സാധനങ്ങൾ ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോതലത്തിലും ആണ് വാങ്ങി വരുന്നത്. ഹെഡ് ഓഫീസ് തലത്തിൽ ഇ-ടെൻഡർ മുഖേനയാണ് വാങ്ങുന്നത്. ആയതിന് ഗുണനിലവാര നിബന്ധനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയതിന് ജീവനക്കാർ കൂട്ടുനിന്നതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഡിപ്പോകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി ശേഖരിക്കുന്ന സാമ്പിളുകളിൽ എന്തെങ്കിലും ഗുണമേന്മ വ്യത്യാസം കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ/ സപ്ലെയർമാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

234(3159) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) മുഴുവൻ കർഷകരുടെയും സംഭരണ വില പൂർണ്ണമായും കൊടുത്ത് കഴിഞ്ഞോ ; ഇനി എത്ര കോടി രൂപയാണ് കൊടുക്കാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) സപ്ലൈകോ സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സീസണിൽ (2014-15 ഒന്നാം വിള) പാലക്കാട് ജില്ലയിൽനിന്നും 4-12-2014 വരെ 82834.276 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly